**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5425** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക്ക് ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ എത്ര ഇലക്ട്രിക്ക് ബസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും അറിയിക്കാമോ; | (എ) | 163 ഇലക്ട്രിക് ബസുകളും, 2 ഇലക്ട്രിക് ഡബിൾ ഡക്കർ ബസ്സുകളും സർവീസ് നടത്തുന്നുണ്ട്. ഇലക്ട്രിക്ക് ബസുകൾ ഉപയോഗിച്ച് സർവീസ് നടത്തുന്ന റൂട്ടുകൾ സംബന്ധിച്ച വിവരം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ഇലക്ട്രിക് ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>ഇലക്ട്രിക് ബസുകൾ മുഖേന കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമായ വരുമാനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഭരണാനുമതി നൽകിയിട്ടുണ്ട്. KIIFB ധനസഹായത്തോടെ സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം - III ആയി ചേർക്കുന്നു.<br><br>എന്നാൽ CNG-യുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ഇപ്പോൾ CNG ബസ്സുകൾ നിരത്തിലിറക്കുന്നത് പരിഗണനയിലില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര ലോ ഫ്ലോർ എ.സി. ബസുകളുണ്ടെന്നും ഇവയിൽ ഗതാഗത യോഗ്യമായ എത്ര ബസുകളുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യ്ക്ക് 165 ലോ ഫ്ലോർ എ.സി. ബസുകളുണ്ട്. ഇവയിൽ 29/06/2024-ൽ 102 ബസ്സുകൾ ഗതാഗത യോഗ്യമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1. കിഴക്കേകോട്ട – വേളി
2. കിഴക്കേകോട്ട – പുഞ്ചക്കരി
3. കിഴക്കേകോട്ട – വെഞ്ഞാറമ്മൂട്
4. കിഴക്കേകോട്ട – കോവളം
5. കിഴക്കേകോട്ട – വെങ്ങാനൂർ
6. കിഴക്കേകോട്ട – പരുത്തിക്കുഴി
7. മണ്ണന്തല – തച്ചോട്ടുക്കാവ്
8. മണ്ണന്തല – കഴക്കൂട്ടം
9. തിരുവനന്തപുരം – കരകുളം
10. ശ്രീകാര്യം – പോത്തൻകോട്
11. ഊക്കോട് – വെള്ളായണി ജംഗ്ഷൻ - തൃക്കണ്ണാപുരം – തിരുമല – മലയിൻകീഴ്
12. വെള്ളായണി ക്ഷേത്രം – കുരുമി – കരുമം – ആറ്റുകാൽ ക്ഷേത്രം – ബണ്ട് റോഡ് – വികാസ് ഭവൻ
13. പാപ്പനംകോട് – കരമന – പൂജപ്പുര – വലിയവിള – പി.റ്റി.പി നഗർ - വട്ടിയൂർക്കാവ് – പേരൂർക്കട – കുടപ്പനക്കുന്ന് – മണ്ണന്തല
14. പാപ്പനംകോട് – സത്യൻ നഗർ
15. കരമന – തമലം – മുടവൻമുഗൾ
16. പുന്നയ്ക്കാമുഗൾ - മുടവൻമുഗൾ - പൂജപ്പുര – ജഗതി – കിഴക്കേകോട്ട – തിരുവല്ലം – പുഞ്ചക്കരി
17. കിള്ളി – മലയിൻകീഴ്- മലയം – പാപ്പനംകോട് – കൊഞ്ചിറവിള
18. കല്ലിയൂർ - പകലൂർ - കിഴക്കേകോട്ട – വികാസ് ഭവൻ
19. കരമന – തമലം – മുടവൻമുഗൾ - തൃക്കണ്ണാപുരം – വെള്ളായണി ജംഗ്ഷൻ - പ്രാവച്ചമ്പലം
20. അരുവിപ്പുറം – കുളമല – പുളിയറക്കോണം – കിഴക്കേകോട്ട
21. അരുവിപ്പുറം – മൂങ്ങോട് – കിഴക്കേകോട്ട
22. മലയിൻകീഴ് – മണപ്പുറം – പുലയനാർക്കോട്ട
23. വെള്ളായണി – പുന്നമൂട് – ഭഗവതിനട ക്ഷേത്രം
24. ബലവാൻ നഗർ - പരുത്തിക്കുഴി – ബീമാപ്പള്ളി
25. പാപ്പനംകോട് – വിഴവൂർ - മങ്കാട്ടുകടവ് – കിഴക്കേകോട്ട
26. നെയ്യാറ്റിൻകര – പഴയകട – കുളത്തൂർ - പൂവാർ
27. നെയ്യാറ്റിൻകര – വെളിയംകോട്
28. നെയ്യാറ്റിൻകര – പ്ലാമൂട്ടുക്കട – പൊഴിയൂർ
29. നെയ്യാറ്റിൻകര – പാഞ്ചിക്കാട് – അരുവിപ്പുറം – കാരക്കോണം

30. വിഴിഞ്ഞം – പനവിളക്കോട്
31. കെ.എസ്.റോഡ് – വിഴിഞ്ഞം
32. വിഴിഞ്ഞം – ചൊവ്വര
33. വിഴിഞ്ഞം – വികാസ് ഭവൻ
34. വിഴിഞ്ഞം – കിഴക്കേകോട്ട
35. നെയ്യാറ്റിൻകര – മേലാരിയോട്
36. കാട്ടാക്കട – ചെറുകോട് – പേയാട് – തിരുവനന്തപുരം
37. കാട്ടാക്കട – പെരിങ്കടവിള – മാറനല്ലൂർ - ഊരൂട്ടമ്പലം – കിഴക്കേകോട്ട
38. കാട്ടാക്കട – കുടപ്പനമൂട്
39. കാട്ടാക്കട – നെയ്യാർഡാം – കോവളം
40. വർക്കല – തിരുവനന്തപുരം
41. പേരൂർക്കട – വെള്ളയമ്പലം – പാളയം – തമ്പാനൂർ - അരിസ്റ്റോ ജംഗ്ഷൻ - ബേക്കറി – ആർ.ബി.ഐ – നിയമസഭ – പ്ലാമൂട് – പട്ടം – കേശവദാസപുരം – പേരൂർക്കട
42. കിഴക്കേകോട്ട – ശാസ്തമംഗലം – വട്ടിയൂർക്കാവ് – മഞ്ച – നെടുമങ്ങാട്
43. തിരുവനന്തപുരം – പാപ്പനംകോട് – ബാലരാമപുരം
44. കിഴക്കേകോട്ട – പട്ടം – നാലാഞ്ചിറ – കണക്കോട്
45. കിഴക്കേകോട്ട – പട്ടം – മണ്ണന്തല – മുക്കോല – പേരൂർക്കട – വെള്ളയമ്പലം – തമ്പാനൂർ - ബേക്കറി – പേരൂർക്കട
46. കിഴക്കേകോട്ട – ശാസ്തമംഗലം – കുലശേഖരം
47. കിഴക്കേകോട്ട – ശാസ്തമംഗലം – വട്ടിയൂർക്കാവ് – കുലശേഖരം – മണ്ണാമൂല – പേരൂർക്കട
48. തമ്പാനൂർ - പേരൂർക്കട – അഴീക്കോട് – നെടുമങ്ങാട്
49. പേരൂർക്കട – കവടിയാർ - കുറവൻകോണം
50. കിഴക്കേകോട്ട – പേരൂർക്കട – കുറ്റിയാനി
51. കിഴക്കേകോട്ട – നന്തൻകോട് – പേരൂർക്കട – മണ്ണന്തല
52. പേരൂർക്കട – ഉള്ളൂർ - പരുത്തിപ്പാറ – മുട്ടട – സാന്ത്വനം – പേരൂർക്കട
53. കിഴക്കേകോട്ട – തമ്പാനൂർ - പേരൂർക്കട – വട്ടിയൂർക്കാവ് – നെടുമങ്ങാട്
54. പേരൂർക്കട – മുട്ടട – കേശവദാസപുരം – ഉള്ളൂർ - മെഡിക്കൽകോളേജ്
55. മണ്ണന്തല – പേരൂർക്കട – പി.ടി.പി
56. കിഴക്കേകോട്ട – വെള്ളയമ്പലം – പേരൂർക്കട – കരകുളം പാലം
57. കിഴക്കേകോട്ട – പട്ടം – മരപ്പാലം – മുട്ടട – പേരൂർക്കട
58. തമ്പാനൂർ - സ്റ്റാച്ച്യു – മെഡിക്കൽകോളേജ് – ശ്രീകാര്യം – ആറ്റിങ്ങൽ
59. കിഴക്കേകോട്ട – പാളയം – പേരൂർക്കട – കണക്കോട്
60. കിഴക്കേകോട്ട – ശാസ്തമംഗലം – വട്ടിയൂർക്കാവ് – വെള്ളൈക്കടവ് – കുലശേഖരം

61. പേരൂർക്കട – കുടപ്പനക്കുന്ന് – മണ്ണന്തല
62. കിഴക്കേകോട്ട – ആറ്റുകാൽ - കൈമനം – പുഞ്ചക്കരി
63. പുഞ്ചക്കരി – ആറ്റുകാൽ - കിഴക്കേകോട്ട – തൈക്കാട് – വട്ടിയൂർക്കാവ് – പേരൂർക്കട
64. പേരൂർക്കട – മുട്ടട – TKD റോഡ് – പട്ടം – കിഴക്കേകോട്ട
65. കിഴക്കേകോട്ട – പട്ടം – നാലാഞ്ചിറ – മണ്ണന്തല – കിഴക്കേകോട്ട – മണ്ണന്തല – പേരൂർക്കട – തമ്പാനൂർ
66. പേരൂർക്കട – വട്ടിയൂർക്കാവ് – ശാസ്തമംഗലം – വഴുതയ്ക്കാട് – ആറ്റുകാൽ - കരുമം – പുഞ്ചക്കരി
67. മണ്ണന്തല – ചൂഴമ്പാല – വെള്ളയമ്പലം – കിഴക്കേകോട്ട
68. കിഴക്കേകോട്ട – കരമന – പൂജപ്പുര – ചിത്ര നഗർ - ഉദിയന്നൂർ - നെട്ടയം – കാച്ചാണി – മണ്ണന്തല
69. മണ്ണന്തല – ആറാംകല്ല് – വേറ്റിക്കോണം – നെട്ടയം – വട്ടിയൂർക്കാവ് – കിഴക്കേകോട്ട
70. കിഴക്കേകോട്ട – സിവിൽ സ്റ്റേഷൻ - വേറ്റിക്കോണം – ചിത്ര നഗർ - ഇടപ്പഴിഞ്ഞി – ജഗതി – പൂജപ്പുര – കരമന – തമ്പാനൂർ
71. പേരൂർക്കട – വഴയില – കാച്ചാണി
72. കാച്ചാണി – കരകുളം – ആർ.സി.സി
73. ആർ.സി.സി – പട്ടം – തമ്പാനൂർ
74. തമ്പാനൂർ - സ്റ്റാച്യു – ആർ.സി.സി
75. ആർ.സി.സി – പട്ടം – ചാലക്കുഴി – മെഡിക്കൽകോളേജ്
76. അരുവിക്കര – വെള്ളയമ്പലം – വി.ജെ.റ്റി – പട്ടം – ആർ.സി.സി
77. ആർ.സി.സി – പേരൂർക്കട – അഴീക്കോട്
78. കിഴക്കേകോട്ട – വട്ടിയൂർക്കാവ് – കാച്ചാണി – പുള്ളിക്കോണം
79. കണക്കോട് – കഴുനാട് – പേരൂർക്കട – കിഴക്കേകോട്ട
80. കിഴക്കേകോട്ട – വട്ടപ്പാറ – വേങ്കോട് – നെടുമങ്ങാട്
81. പേരൂർക്കട – അമ്പലനഗർ - ചിറ്റാഴ – മണ്ണന്തല – കിഴക്കേകോട്ട
82. പേരൂർക്കട – പൈപ്പിൻമൂട് – ശാസ്തമംഗലം – ഇടപ്പഴിഞ്ഞി – വഴുതയ്ക്കാട് – തമ്പാനൂർ - ആയുർവേദ കോളേജ് – സ്റ്റാച്യു – വെള്ളയമ്പലം – പേരൂർക്കട
83. പേരൂർക്കട – നന്തൻകോട് – വി.ജി.ടി – പി.എം.ജി – മെഡിക്കൽകോളേജ് – മുട്ടട – പേരൂർക്കട
84. പേരൂർക്കട – കുറവൻകോണം – പട്ടം – എൽ.എം.എസ് – ബേക്കറി – തമ്പാനൂർ - സ്റ്റാച്യു – വെള്ളയമ്പലം – പേരൂർക്കട

എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

അനുബന്ധം - II

# COLLECTION STATEMENT OF KSRTC SWIFT ELECTRIC BUSES (COLLECTION INCOME) (Unaudited)

(Figures in Lakhs)

| | 2022-23 | 2023-24 | 2024-25 | TOTAL |
|---|---|---|---|---|
| | **Aug - March** | **April - March** | **April - May** | |
| NO OF BUSES | **50 (From Aug to March 23)** | **131** | **145** | **145** |
| **KM OPERATED (in Lakhs)** | **12.60** | **53.42** | **13.20** | **79.21** |
| **REVENUE:** | | | | |
| Fare Revenue | 464.49 | 1956.08 | 528.34 | **2948.92** |
| **TOTAL REVENUE** | **464.49** | **1956.09** | **528.34** | **2948.92** |

DMA

DGM(T)
KSRTC SWIFT

## KSRTC SWIFT - MONTHLY CONSOLIDATION

### ELECTRIC BUS

| MONTH | No. of Sch. optd. | Total Collection | Optd. KM |
|---|---|---|---|
| | Nos. | Rs. in Lakhs | km in Lakhs |
| Aug-22 | 635 | 26.95 | 0.90 |
| Sep-22 | 642 | 31.60 | 0.93 |
| Oct-22 | 692 | 36.94 | 1.07 |
| Nov-22 | 869 | 53.37 | 1.40 |
| Dec-22 | 1108 | 70.13 | 1.82 |
| Jan-23 | 1156 | 76.19 | 2.02 |
| Feb-23 | 1088 | 73.01 | 1.91 |
| Mar-23 | 1477 | 96.31 | 2.55 |
| | | | |
| **FY 22-23 TOTAL** | **7,667** | **464.49** | **12.60** |
| **AVERAGE (Monthly)** | **958** | **58.06** | **1.57** |
| **AVERAGE (Daily)** | **32** | **1.94** | **0.05** |
| | | | |
| Apr-23 | 1365 | 87.56 | 2.53 |
| May-23 | 1419 | 104.27 | 2.63 |
| Jun-23 | 1412 | 109.05 | 2.66 |
| Jul-23 | 1432 | 111.22 | 2.70 |
| Aug-23 | 1632 | 124.74 | 3.05 |
| Sep-23 | 2847 | 174.30 | 5.31 |
| Oct-23 | 3011 | 189.18 | 5.61 |
| Nov-23 | 2849 | 191.07 | 5.12 |
| Dec-23 | 2934 | 198.86 | 5.59 |
| Jan-24 | 3,112 | 210.14 | 5.96 |
| Feb-24 | 3063 | 213.12 | 5.59 |
| Mar-24 | 3601 | 242.57 | 6.68 |
| | | | |
| **FY 23-24 TOTAL** | **28,677** | **1,956.09** | **53.42** |
| **AVERAGE (Monthly)** | **2,390** | **163.01** | **4.45** |
| **AVERAGE (Daily)** | **80** | **5.43** | **0.15** |
| | | | |
| Apr-24 | 3562 | 251.59 | 6.33 |
| May-24 | 3905 | 276.75 | 6.87 |
| | | | |
| **FY 24-25 TOTAL** | **7,467** | **528.34** | **13.20** |
| **AVERAGE (Monthly)** | **3,734** | **264.17** | **6.60** |
| **AVERAGE (Daily)** | **124** | **8.81** | **0.22** |
| | | | |
| **GRAND TOTAL** | **43,811** | **2,948.92** | **79.21** |

DGM(T) KSRTC SWIFT

## അനുബന്ധം - III

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - കിഫ്ബി വായ്പ ലഭ്യമാക്കി 310 ബസുകൾ നിരത്തിലിറക്കുന്നതിനും കേന്ദ്രസർക്കാരിന്റെ FAME II പദ്ധതി പ്രകാരം 50 ഇലക്ട്രിക് ബസുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ നിരത്തിലിറക്കുന്നതിനുമുള്ള പദ്ധതി - ഭരണാനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (എ) വകുപ്പ്

G.O.(Rt) No.346/2020/TRANS തീയതി,തിരുവനന്തപുരം, 22/10/2020

പരാമർശം:- 1 സ.ഉ.(കൈ) നം.70/2017/ഗതാ തീയതി 24.08.2017

2 കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ 18.09.2020 തീയതിയിലെ ബഡ്.-1/002868/2017 എന്ന നമ്പർ കത്ത്

**ഉത്തരവ്**

മേൽ പരാമർശം 1 പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ ആയത് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ലെന്ന് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മേൽ പരാമർശം 2 പ്രകാരം അറിയിച്ചിരുന്നു. കൂടാതെ, നിലവിലെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യിൽ 360 ബസുകൾ നിരത്തിലിറക്കുന്നതിനായി തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) കത്തിനോടൊപ്പം ലഭ്യമാക്കിയിരുന്നു. പ്രോജക്ട് റിപ്പോർട്ട് പ്രകാരം, നിരത്തിറക്കുവാൻ ഉദ്ദേശിക്കുന്ന ബസുകളുടെയും ഇതിനായുള്ള ചെലവിന്റെയും വിവരം ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്.

| ക്രമ നമ്പർ | ക്ലാസ് | എണ്ണം | പ്രൈംമൂവർ | പ്രതിബസ് നിരക്ക് (കോടി രൂപയിൽ) | ആകെ തുക (കോടി രൂപയിൽ) |
|---|---|---|---|---|---|
| 1 | ഫാസ്റ്റ് പാസഞ്ചർ | 50 | വൈദ്യുതി | 1.50 | 75.00 |
| 2 | സൂപ്പർ ഫാസ്റ്റ് | 310 | സി.എൻ.ജി. | 0.65 | 201.50 |
| 3 | ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ | 1 | | 10 | 10.00 |
| | | | | ആകെ | 286.50 |

പദ്ധതിയുടെ ആകെ ചെലവ് ആയ 286.50 കോടി രൂപയിൽ 27.50 കോടി രൂപ (50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന്) കേന്ദ്ര സർക്കാരിന്റെ FAME II പദ്ധതിയുടെ കീഴിൽ സബ്സിഡി ആയി ലഭ്യമാക്കാവുന്നതാണെന്ന് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു. ശേഷിക്കുന്ന തുകയായ 259 കോടി രൂപ കിഫ്ബിയിൽ നിന്നും 4% പലിശ നിരക്കിലുള്ള വായ്പ മുഖേന ലഭ്യമാക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. പ്രോജക്ട് അപ്രൈസൽ റിപ്പോർട്ട് പ്രകാരം ഈ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും

പ്രായോഗികസാധ്യത ഉള്ളതാണെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. ടി പ്രോജക്ട് പ്രോപ്പോസൽ അംഗീകരിക്കുവാനും, 259 കോടി രൂപ കിഫ്ബിയിൽ നിന്നും വായ്പയെടുക്കുന്നതിനും (സ്റ്റോർ പർച്ചേസ് റൂൾസ്, കിഫ്ബിയുടെ നിബന്ധനകളും വ്യവസ്ഥകളും എന്നിവ പാലിച്ചു കൊണ്ട്), കേന്ദ്രസർക്കാരിന്റെ FAME II പദ്ധതി പ്രകാരം വെറ്റ് ലീസ് വ്യവസ്ഥയിൽ 50 ഇലക്ട്രിക് ബസുകൾ നിരത്തിലിറക്കുന്നതിനും (ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ്, കേന്ദ്രസർക്കാർ -ന്റെ നിബന്ധനകളും വ്യവസ്ഥകളും പാലിച്ചു കൊണ്ട്) ഭരണാനുമതി നൽകുവാനും കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി.യിൽ 310 സി.എൻ.ജി. ബസുകൾ, കിഫ്ബിയിൽ നിന്നും 259 കോടി രൂപ വായ്പ ലഭ്യമാക്കി വാങ്ങി നിരത്തിലിറക്കുന്നതിനും, 50 ഇലക്ട്രിക് ബസുകൾ (BEV/FCEV) കേന്ദ്രസർക്കാരിന്റെ FAME II പദ്ധതി പ്രകാരം വെറ്റ് ലീസ് വ്യവസ്ഥയിൽ നിരത്തിലിറക്കുന്നതിനും ഉള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K R JYOTHILAL
PRINCIPAL SECRETARY

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ (പി.യു.-എ) വകുപ്പ്

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ആസൂത്രണസാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.

ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് കിഫ്ബിയിൽ നിന്നും 4% പലിശ നിരക്കിൽ 455 കോടി രൂപ വായ്പ ലഭ്യമാക്കിക്കൊണ്ട് പുതിയ 700 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(കൈ) നം.25/2022/TRANS തീയതി,തിരുവനന്തപുരം, 23-05-2022

പരാമർശം:-

1. സ.ഉ.(സാധാ)നം.72/2017/ഗതാ തീയതി 20.02.2017
2. സ.ഉ.(കൈ)നം.70/2017/ഗതാ തീയതി 24.08.2017
3. കിഫ്ബിയുടെ പ്രൊസീഡിംഗ്സ് നം.TRA008-01/APR-1/2020/KIIFB dated 17.11.2020
4. കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 02.11.2018 തീയതിയിലെ കത്ത്
5. സ.ഉ.(സാധാ)നം. 346/2020/ഗതാ തീയതി 22.10.2020
6. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച വിഷയത്തിൽ 15.10.2020-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
7. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് 27.10.2021-ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
8. സ.ഉ.(കൈ)നം.58/2021/ഗതാ തീയതി 11.12.2021
9. സ.ഉ.(സാധാ)നം.413/2020/ഗതാ തീയതി 09.12.2020
10. സ.ഉ.(സാധാ)നം.461/2021/ഗതാ തീയതി 22.12.2021
11. സ.ഉ.(സാധാ)നം.371/2021/ഗതാ തീയതി 29.10.2021
12. കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 04.03.2021, ലെ CMD/023/2021 , 31.01.2022 ലെ KSWIFT/11/2021,. 03.03.2022ലെ SRA5/001435/2022 നമ്പർ കത്തുകൾ.
13. സ.ഉ.(കൈ)നം. 69/2018/ധന. തീയതി 24.02.2018

**ഉത്തരവ്**

2016-17 ബജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് 1000 സിഎൻജി ബസുകൾ വാങ്ങുന്നതാണെന്ന് പ്രഖ്യാപിക്കുകയും, അതിൻപ്രകാരം പരാമർശം 1-ലെ ഉത്തരവ് പ്രകാരം 300 കോടി രൂപയ്ക്ക് 1000 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും

ചെയ്തിരുന്നു. എന്നാൽ സി.എൻ.ജി. ലഭ്യതയുടെ പരിമിതി കണക്കിലെടുത്തുകൊണ്ടും, ബസ് ക്രൂ റേഷ്യോ പുനഃക്രമീകരിച്ചുകൊണ്ടുമല്ലാതെ കെ.എസ്.ആർ.ടി.സി.യുടെ പുനഃസംഘടന ഫലപ്രദമായി പൂർത്തിയാക്കാനാകില്ലെന്നും ചൂണ്ടിക്കാട്ടി 1000 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനുള്ള അനുമതി പുനഃക്രമീകരിച്ച് 900 ഡീസൽ ബസുകൾ വാങ്ങുന്നതിനായി കിഫ്ബിയിൽ നിന്നും പണം അനുവദിക്കുന്നതിന് പരാമർശം 2-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 900 ഡീസൽ ബസ്സുകൾ വാങ്ങുന്നതിന് നടപടിക്രമം കെ.എസ്.ആർ.ടി.സി. ആരംഭിക്കുകയും ചെയ്തെങ്കിലും പദ്ധതി നടപ്പിലായിരുന്നില്ല. പിന്നീട്, പരാമർശം 5-ലെ ഉത്തരവ് പ്രകാരം 201.50 കോടി രൂപ ചെലവിൽ 310 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇ-ദർഘാസ് ക്ഷണിക്കുകയും ബസിന്റെ ആദ്യമാതൃക മൂല്യനിർണ്ണയം (prototype evaluation) നടത്തുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**2.** പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ തയ്യാറാക്കിയ 'KSRTC RESTRUCTURE 2.0' എന്ന പ്രൊപ്പോസൽ വിവിധ തലത്തിൽ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. 2021-22 ഫെബ്രുവരി മാസത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ, KSRTC-SWIFT പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക്, 700 സി.എൻ.ജി. ബസുകൾ കൂടി അനുവദിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. പുതിയ ബസുകൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ ലഭ്യമാക്കുന്നതിനായി കിഫ്ബി മുന്നോട്ട് വച്ച നിബന്ധനയുടെ അടിസ്ഥാനത്തിൽ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി പരാമർശം 8 പ്രകാരം സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ KSRTC-SWIFT Ltd. എന്ന പേരിൽ സ്വതന്ത്ര കമ്പനി രൂപീകരിക്കുകയും ചെയ്തിരുന്നു. പരാമർശം 7-ൽ സൂചിപ്പിച്ചിട്ടുള്ള യോഗത്തിൽ, കിഫ്ബിയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിക്കൊണ്ട് 700 സി.എൻ.ജി. ബസുകൾ കൂടി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പുനഃപരിഗണിക്കാൻ തീരുമാനിച്ചിരുന്നു.

**3.** 2020-21-ലെ പ്ലാൻ സ്കീം പ്രകാരം അനുവദിച്ച 50 കോടി രൂപ ഉപയോഗിച്ച് 116 ദീർഘദൂര ബസ്സുകൾ വാങ്ങാൻ മേൽ പരാമർശം 9, 10 എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകുകയും, ബസ്സുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കാലഹരണപ്പെട്ട 856 ബസ്സുകൾ കണ്ടം ചെയ്യാൻ 11.11.2021 തീയതിയിൽ കൂടിയ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ട്. പുതിയ ബസ്സുകളുടെ അഭാവം കാരണം 704 സൂപ്പർ ക്ലാസ് ബസ്സുകളുടെ അനുവദനീയ കാലാവധി 7 കൊല്ലത്തിൽ നിന്നും 9 വർഷമായി ദീർഘിപ്പിച്ചുകൊണ്ട് മേൽ പരാമർശം 11 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ സൂപ്പർ ക്ലാസ്സ് ബസ്സുകളുടെ ലഭ്യതക്കുറവുണ്ട്. ഡീസൽ വില അനുദിനം ഉയരുന്ന സാഹചര്യത്തിൽ സി.എൻ.ജി. / ഇലക്ട്രിക് / എൽ.എൻ.ജി. ഇന്ധനത്തിലേക്ക് ബസ്സുകൾ മാറേണ്ടതുണ്ടെന്ന വിലയിരുത്തലിലാണ് 700 സി.എൻ.ജി. ബസ്സുകൾ കൂടി കിഫ്ബി ഫണ്ട് മുഖാന്തിരം അധികമായി വാങ്ങാൻ പരാമർശം 7-ൽ സൂചിപ്പിച്ചിട്ടുള്ള യോഗത്തിൽ തീരുമാനം എടുത്തിരുന്നത്.

**4.** പരാമർശം 12- പ്രകാരം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) പ്രകാരം 700 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിനായി കിഫ്ബിയിൽ നിന്നും 4% വാർഷിക പലിശ നിരക്കിൽ (കോംമ്പൗണ്ടഡ്) 455 കോടി രൂപ ആവശ്യമായിട്ടുണ്ട്. കരാർ വ്യവസ്ഥകളിൽ 3 വർഷത്തെ വാറണ്ടിയും, 4

വർഷത്തെ കോമ്പ്രിഹെൻസീവ് മെയിന്റനൻസ് കോൺട്രാക്റ്റ് (CMC)-യും ഉൾപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.ക്ക് സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്നതിനായി കൺസ്യൂമർ പമ്പുകൾ ആരംഭിക്കുന്നതിന്റെ നടപടികൾ തുടർന്നു വരികയാണെന്നും കെ.എസ്.ആർ.ടി.സി. അറിയിച്ചിട്ടുണ്ട്. പുതിയ ബസുകൾ വാങ്ങി പൂർണ്ണമായി ഓടി തുടങ്ങുന്നതിന് 6 മുതൽ 10 മാസം വരെ സമയം ആവശ്യമുള്ളതിനാൽ പദ്ധതി ആരംഭിച്ച് രണ്ട് വർഷത്തിനകം തന്നെ വായ്പാ തിരിച്ചടവ് ആരംഭിക്കുന്നതാണെന്നും കിഫ്ബി ഫണ്ട് ലഭ്യമാക്കി വാങ്ങുന്ന പുതിയ ബസുകളുടെ പ്രവർത്തനം KSRTC-SWIFT Ltd. കമ്പനി മുഖേന നടത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിൽ നിന്നും വായ്പാ തിരിച്ചടവ് നടത്തുമെന്നുള്ളതിനാൽ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യം സംജാതമാവുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും 4% പലിശ നിരക്കിൽ 455 കോടി രൂപ വായ്പ ലഭ്യമാക്കിക്കൊണ്ട് പുതിയ 700 സി.എൻ.ജി. ബസുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്ന എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ക്കു വേണ്ടി വാങ്ങുന്നതിനായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസലിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം
സി.ഇ.ഒ., കിഫ്ബി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ്
ധനകാര്യ (പി.യു.-എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ